## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ - T 1219

13.06.2013-ൽ
മറുപടിയ്ക്ക് (പൂർണ്ണമായ മറുപടി)

റോഡ് വികസനത്തിനായി കുടിയൊഴിപ്പിക്കപ്പെട്ടവരുടെ പുനരധിവാസം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റോഷി അഗസ്റ്റിൻ<br>ഡോ. എൻ. ജയരാജ്<br>ശ്രീ. പി. സി. ജോർജ്<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പ് മന്ത്രി) |
| (എ) റോഡു വികസനത്തിനായി കുടിയൊഴിപ്പിക്കപ്പെട്ട വരുടെ പുനരധിവാസത്തിന് കാലതാമസം നേരിടു ന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദാംശ ങ്ങൾ നൽകുമോ ; | (എ) ചില അവസരങ്ങളിൽ നേരിയ കാലതാമസം വരുന്നുണ്ടെങ്കിലും വലിയ രീതിയിലുള്ള കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഈ ഗവൺമെന്റ് അധികാ രമേറ്റ ശേഷം ഇപ്രകാരം കുടിയൊഴിപ്പിക്കപ്പെട്ട എത്ര കുടുംബങ്ങളെ പുനര ധിവസിപ്പിച്ചു; വിശദാംശ ങ്ങൾ നൽകുമോ; | (ബി) കോട്ടയം ജില്ലയിൽ നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം 31 പേർക്ക് ആർ & ആർ പാക്കേജ് നടപ്പിലാക്കിയിട്ടുണ്ട്.<br><br>എറണാകുളം ജില്ലയിൽ ഐ.സി.റ്റി.റ്റി. വല്ലാർപ്പാടം റോഡ് പദ്ധതിക്കായി കുടിയൊഴിപ്പിക്കപ്പെട്ടവരുടെ പുനരധിവാസ പ്രവർത്തനങ്ങൾക്കായി 4 കോടി 58 ലക്ഷം രൂപ ഈ സർക്കാരിന്റെ കാലത്ത് അനുവദിക്കുകയും ആയത് വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഈ സാമ്പത്തിക വർഷം പുനരധിവാസത്തിന് അനുവദിച്ച 3.76 കോടി രൂപ വിതരണം ചെയ്തു കൊണ്ടിരിക്കുകയുമാണ്. |

| | |
|---|---|
| | തൃശ്ശൂർ ജില്ലയിൽ കൊടുങ്ങല്ലൂർ ബൈപ്പാസിനു വേണ്ടി കുടിയൊഴിപ്പിക്കപ്പെട്ട ഒരു കുടുംബത്തെ പുനരധിവസിപ്പിച്ചിട്ടുള്ളതാണ്.<br><br>കോഴിക്കോട് ജില്ലയിൽ കോതി-പള്ളിക്കണ്ടി പാലം അനുബന്ധ റോഡിനായി ഭൂമി ഏറ്റെടുത്തതിൽ കുടിയൊഴിപ്പിക്കപ്പെട്ട 62 കുടുംബങ്ങളുടേയും ഒരു മദ്രസ കെട്ടിടത്തിന്റെയും പുനരധിവാസത്തിന് പ്രത്യേക പാക്കേജായി 2,25,09,000/- രൂപ അനുവദിക്കുകയും ആയത് പ്രകാരം 7 പേർക്ക് ഒഴികെ ബാക്കിയുള്ള മുഴുവൻ പേർക്കും ഈ തുക വിതരണം ചെയ്തിട്ടുള്ളതുമാണ്. 7 പേർ വീടൊഴിഞ്ഞ് തരാത്തതിനാലാണ് തുക വിതരണം ചെയ്യാത്തത്. |
| (സി) കുടിയൊഴിപ്പിക്കപ്പെട്ടവരുടെ പുനരധിവാസം സമയബന്ധിതമായി പൂർത്തിയാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | (സി) സർക്കാർ ഉത്തരവ് (എം.എസ്) നം. 419/2011/റവന്യൂ; തീയതി 15.11.2011 പ്രകാരം ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ